Page 1 of 1

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 6 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അവയുടെ പ്രവൃത്തി ഏത് ഘട്ടങ്ങളിലെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നൃ നടുവിൽ, ചെങ്ങളായി, ഉദയഗിരി എന്നീ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചൂഴലി, എരുവശ്ശേരി, തിമരി എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അവശേഷിക്കുന്ന വില്ലേജ് ഓഫീസുകളെ ഈ പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം പണിയാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് മുൻഗണനാക്രമത്തിലാണ് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

കുന്നംകുളം സിവിൽ സ്റ്റേഷനുള്ള പുതിയ കെട്ടിടം

331 (941) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കാസ്ഥാനത്തെ സിവിൽ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കുന്നംകുളം താലൂക്കിന് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിനായി ലേലത്തിലൂടെ ഒമ്പത് വൃക്ഷങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കി ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കി സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു.

മലപ്പുറം സിവിൽ സ്റ്റേഷൻ നവീകരണം

332 (942) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ കളക്ടറേറ്റുൾപ്പെടെയുള്ള റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകൾ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly